ഉത്തരം

(എ) ലഭ്യമായ ബഡ്ജറ്റ് രേഖകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂപ്പതോളം വർഷങ്ങളായി സ്പെഷ്യൽ സ്കൂളുകൾക്കായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്നതായി കാണുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം സ്പെഷ്യൽ സ്കൂളുകൾക്കായി 3344.49 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) 28-4-2014-ലെ സ.ഉ (പി) നമ്പർ 69/2014/പൊ.വി.വ പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ടെയിനിംഗ് പാർട്ണർ സ്കീം

70 (4684) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ടെയിനിംഗ് പാർട്ട്ണർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ടെയിനിംഗ് പാർട്ട്ണർ സ്കീം (TPS) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആർട്ട്സ് & സയൻസ് കോളേജുകളിലെ അവസാന വർഷ ഡിഗ്രി, പി ജി വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുത്തവർക്ക് സോഫ്റ്റ്വെയർ സ്കില്ലിലും കമ്മ്യൂണിക്കേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷിലും പരിശീലനം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കോളേജുകൾ, ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾ എന്നിവയെ ചുമതലപ്പെടുത്തുന്ന പദ്ധതിയാണ് 'ടെയിനിംഗ് പാർട്ട്ണർ സ്കീം'. ഇത്തരത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ അസാപ് നിർദ്ദേശിക്കുന്ന രീതിയിൽ ഗ്രണനിലവാരത്തോടെ, തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങളും നിബന്ധനകളും അസാപ് തയ്യാറാക്കി വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ മെച്ചപ്പെട്ട സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളുടെ വൈദഗ്ധ്യവും തൊഴിൽ പരിശീലനത്തിനായി ഉപയുക്തമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കൂടാതെ പ്രത്യേക വൈദഗ്ധ്യമേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ സാധാരണ പ്രവൃത്തി സമയത്തിനുപുറമെയുള്ള മണിക്കൂറുകൾ മറ്റ് വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അസാപ്പിൽ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി പ്രവർത്തിക്കുന്നതിനും പദ്ധതി അവസരമൊരുക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകൾ.

(ഡി) കുറഞ്ഞ ചെലവിൽ മികച്ച സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുക.

സ്കൂളുകളിലെ ഉച്ചഭക്ഷണം

71 (4685) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എൽ.പി., യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അളവും മെനുവും അറിയിക്കുമോ;

(സി) ഓരോ കുട്ടിക്കും നൽകേണ്ടുന്ന പച്ചക്കറിയുടെ അളവും അതിനായി അനുവദിക്കുന്ന തുകയും എത്രയാണ്;

(ഡി) ആഴ്ചയിൽ എത്ര ദിവസം എത്ര അളവിലാണ് ഓരോ കുട്ടിക്കും പാലും കോഴിമുട്ടയും നൽകുന്നത്;

(ഇ) ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന കയറ്റിറക്ക് കൂലിയും പാചകക്കൂലിയും എത്രയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly